# Khuthba Khulasa 22.12.17 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**
**22.12.17 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

**സങ്കീർണമായ സാഹചര്യത്തിലും ആത്മാർത്ഥയോടെ സ്നേഹവും മമതയും നിറഞ്ഞ ഹൃദയത്തോടെ സഹാബാക്കൾ റസൂൽ തിരുമേനി(സ) യുടെ കോന്തല മുറുകെ പിടിച്ചു.**
**ഈ ആത്മാർത്ഥത വെറും വിശ്വാസത്തിന്റെ പെരുമ കൊണ്ട് മാത്രമായിരുന്നു. അതിന്റെ ലഹരിയിൽ അവർ, അങ്ങേയറ്റം ദാഹപരവേശത്താൽ മധുരപാനീയം കുടിക്കാനായി എഴുന്നേൽക്കുന്നവരെ പോലെ തങ്ങളുടെ ജീവൻ ത്യജിക്കാൻ സന്നദ്ധരായി.**

തശഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:
ഞാൻ സഹാബത്ത് രിള്വാനുല്ലാഹി അലയ്ഹിമിന്റെ മഹത്വവും അവരുടെ അനുഗ്രഹങ്ങളും അവരുടെ മാതൃകയും ആധാരമാക്കിയാണ് കഴിഞ്ഞ ഖുത്ബ നിർവഹിച്ചിരുന്നത്. അതിൽ ചില സഹാബാക്കളുടെ ജീവിത അവസ്ഥകളും വിവരിച്ചിരുന്നു. എന്നാൽ അധികം വിവരിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും സമയപരിധി കാരണം അതിന് സാധിച്ചില്ല. പിന്നീട് ഞാൻ കരുതിവെച്ചിരുന്ന നോട്ട്സ് എങ്കിലും വിവരിക്കേണ്ടതായിരുന്നുവെന്ന് ചിലയാളുകളുടെ കത്തുകളിൽ നിന്ന് എനിക്ക് മനസിലായി. കാരണം അതുമുഖേന സഹാബത്തിന്റെ അവസ്ഥകളെ കുറിച്ചുള്ള ഗ്രാഹ്യവും  അവരുടെ ത്യാഗങ്ങളെ കുറിച്ചുള്ള അറിവും അവരുടെ മാതൃകകൾ സ്വയത്തമാക്കുന്നതിലേക്കുള്ള ശ്രദ്ധയും ജനിക്കുന്നതാണ്. അത്കൊണ്ട് തന്നെ ഇന്നും ഇതേ വിഷയത്തെ ആസ്പദമാക്കി വീണ്ടും വിവരിക്കുകയാണ്.
നബി (സ) തിരുമേനിയുടെ ഒരു ശ്രേഷ്ഠനായ സഹാബിയായിരുന്നു അബൂ ഉബൈദ ബിൻ ജറാഅ്. ഒരു സഹാബി എന്ന നിലയിൽ തീർച്ചയായും അദ്ദേഹത്തിന് ഒരു സ്ഥാനം ഉണ്ടായിരുന്നു. അദ്ദേഹം വളരെയധികം പ്രത്യേകതകൾക്ക് ഉടമയായിരുന്നു. എന്നാൽ അദ്ദേഹത്തിന് നബി (സ) തിരുമേനി നല്കിയ അമീൻ (വിശ്വസ്ഥൻ) എന്ന സ്ഥാനപേരിനെ സംബന്ധിച്ച് നിവേദനത്തിൽ വരുന്നത് ഇപ്രകാരമാണ്, ഒരിക്കൽ നജറാനിൽ നിന്ന് വന്ന ഒരു സംഘം, വികുതി പിരിക്കുന്നതിനായി ആരെയെങ്കിലും നജറാനിൽ വസിക്കുന്ന ആഴുകളുടെ അടുത്തേയ്ക്ക് അയക്കണമെന്ന് പറഞ്ഞപ്പോൾ നബി (സ) തിരുമേനി പറഞ്ഞു: ഞാൻ തീർച്ചയായും നിങ്ങളുടെ സമീപത്തേയ്ക്ക് അത്തരത്തിലുള്ള വ്യക്തിയെ തന്നെ അയക്കുന്നതാണ്. അതായത് ഒരു വിശ്വസ്തൻ. അദ്ദേഹം പൂർണമായ നിലയിലുള്ള അമീൻ (വിശ്വസ്തൻ) ആയിരിക്കും. അപ്പോൾ ആരാണ് നബി (സ) തിരുമേനി പറഞ്ഞ മഹനീയ സ്ഥാനം അലങ്കരിക്കുന്ന വ്യക്തിയെന്നറിയാൻ സഹാബത്ത് കഴുത്ത് ഉയർത്തി ഉറ്റ്നോക്കാൻ തുടങ്ങി. നബി (സ) പറഞ്ഞു; അബൂ ഉബൈദ എഴുന്നേറ്റ് നില്ക്കുക. അങ്ങനെ അബൂ ഉബൈദയെ അവിടെയ്ക്ക് അയക്കുവാൻ നിർദ്ദേശം നല്കി. അദ്ദേഹത്തെ കുറിച്ചുള്ള നബി (സ) തിരുമേനിയുടെ ഒരു ഉത്തരവ്, ഹദ്റത് അനസ് (റ) നിവേദനം ചെയ്യുന്നതായി ഇങ്ങനെ കാണാം, റസൂൽ (സ) പറഞ്ഞു: എല്ലാ സമുദായത്തിലും ഒരു അമീൻ (വിശ്വസ്തൻ) കാണും. എന്റെ സമുദായത്തിലെ അമീൻ (വിശ്വസ്തൻ) ഉബൈദ ബിൻ ജറാഹ് ആണ്. എത്ര മഹനീയ സ്ഥാനമാണ് അദ്ദേഹത്തിന് നബി (സ) തിരുമേനി നല്കിയത്.
അദ്ദേഹത്തിന്റെ ലാളിത്വവും, പരസ്പര സഹകരണവും, ഭരണനടപടി ക്രമീകരണത്തിന് ഉതകുന്ന ഒരു സംഭവവും ഇത്തരത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഒരു യുദ്ധത്തിനായി നബി (സ) തുരുമേനി അമർ ബിൻ ആസിനെ സൈന്യാധിപനായി നിയോഗിച്ച് കൊണ്ട് അയച്ചു. എന്നാൽ അവിടെ എത്തിയപ്പോഴാണ് ശത്രുകളുടെ അംഗബലം അധികമാണെന്ന് മനസിലായത്.അദ്ദേഹത്തിന്റെ സേനയിൽ അധികവും അനറബികളായിരുന്നു. വലിയ സഹാബാക്കൾ കുറവായിരുന്നു. അതിനാൽ ഹദ്റത് അമർ ബിൻ ആസ് കൂടുതൽ സഹായം ആവശ്യപ്പെട്ടു. അപ്പോൾ നബി(സ) തിരുമേനി ഹദ്റത് അബൂ ഉബൈദായുടെ നോതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. നബി(സ) തിരുമേനി അബൂ ഉബൈദയെ ഉപദേശിച്ച് കൊണ്ട് പറഞ്ഞു: രണ്ട് അമീർമാരും പരസ്പരസഹകരണത്തോടെ പ്രവർത്തിക്കുക. എന്നാൽ ഈ സൈന്യം സഹായത്തിനായി വന്നത് കൊണ്ട് തന്റെ കീഴിലാണെന്ന് കരുതിയ അമർ ബിൻ ആസ്, അബൂ ഉബൈദായുടെ സേനയ്ക്ക് നേരിട്ട് നിർദ്ദേശങ്ങൾ നല്കാൻ തുടങ്ങി. തദവസരത്തിൽ യാതൊരു വാക്ക്തർക്കത്തിനും മുതിരാതെ, അബൂ ഉബൈദ പറഞ്ഞു: നബി (സ) എന്നെ ഒരു സ്വതന്ത്ര്യനായ അമീർ എന്ന നിലയ്ക്കാണ് നിയോഗിച്ചത്. എന്നാൽ അതിനോടൊപ്പം പരസ്പരം സഹകരണത്തിനും നിർദേശം നല്കുകയുണ്ടായി. അതുകൊണ്ട് താങ്കൾ എന്റെ കാര്യം അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്താലും ശരി, എന്റെ ഭാഗത്ത് നിന്ന് താങ്കൾക്ക് എപ്പോഴും സഹകരണം ലഭിക്കുന്നതാണ്. ഞാൻ എല്ലാ കാര്യത്തിലും താങ്കളുടെ നിർദേശം അംഗീകരിക്കുന്നതാണ്.

അതായത് അതിസൂക്ഷ്മമായ അവസരത്തിൽ ശരിയായ തീരുമാനം എടുത്ത് മുസ്ലിം ശക്തിയെ പ്രബല പ്പെടുത്തുന്നതിനായി തന്റെ അവകാശങ്ങളെയും മാറ്റി നിർത്തുക. ഈ പരസ്പര സഹകരണമാണ് മുസ്ലിംകളെ ഇന്ന് ഒരു മഹാശക്തിയാക്കി മാറ്റുക. ഈ കാലത്ത് മുസ്ലികൾക്ക് ആവശ്യവും ഇതാണ്. മുസ്ലിം നേതാക്കന്മാർക്ക് പരസ്പര സഹകരണം എങ്ങനെയായിരിക്കണം എന്ന ഇത്രമാത്രം ബുദ്ധി ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നാകുമായിരുന്നു.

ഇന്ന് ലോകത്തിന്റെ സമാധാനത്തിലുള്ള ജാമ്യം നീതിയും ന്യായവും അധികാരത്തിന്റെ കടമ നിറവേറ്റലിലൂടെയാണ് പൂർത്തിയാകുക. അതല്ലാതെ വലിയ ഭരണകൂടങ്ങൾ ചെറിയ ഭരണകൂടങ്ങളിൽ നിർബന്ധം ചെലുത്തി, ഞങ്ങളുടെ തൃപ്തി അനുസരിച്ച് നടക്കുക. ഞങ്ങൾക്ക് എതിരിലാണെങ്കിൽ നടപടി ഉണ്ടാകുന്നതാണ്. അധിക മുസ്ലിം രാജ്യങ്ങളും പൊതുജനത്തിൽ നിന്ന് നികുതി ഈടാക്കുന്നു. എന്നിട്ട് അവരുടെ മേൽ ചെലവഴിക്കുന്നതിന് പകരം സ്വന്തം ഖജനാവുകളാണ് അധിക നേതാകന്മാരും നിറച്ച് കൊണ്ടിരിക്കുന്നത്. ഹുബുൽ റസൂലിന്റെയും സഹാബത്തിനോടുള്ള സ്നേഹത്തിന്റെയും മുദ്രാവാക്യങ്ങളും മുഴക്കുന്നു.

പിന്നെ ഹദ്റത് അബ്ബാസ് ആണ്, നബി (സ) തിരുമേനിയുടെ പിതൃവ്യനായിരുന്നു. ദാനശീലത്തിലും സഹനുഭൂതയിലും വളരെ പ്രശസ്തനായിരുന്നു. നബി (സ) തിരുമേനി പറഞ്ഞു: അബ്ബാസ് ഖുറൈശികളിൽ വെച്ച് ഏറ്റവും കൂടുതൽ ദാനശീലനും സഹാനഭൂതിയുള്ള വ്യക്തയുമാണ്. ഈ കാര്യം കേട്ട ഹദ്റത് അബ്ബാസ് 70 അടിമകളെ മോചിപ്പിച്ചു. അതായിരുന്നു ആ ആളുകളുടെ ദാനശീലത്തിന്റെ നിലവാരം.

ഇനി നബി (സ) തിരുമേനിയുടെ പിതൃവ്യ പുത്രനായ ഹദ്റത് ജഅ്ഫർ (റ) ആണ്. അദ്ദേഹം ഹദ്റത് അലി (റ) ന്റെ സ്വസഹോദരനായിരുന്നു. അദ്ദേഹത്തിനും പ്രാരംഭകാലത്ത് തന്നെ ഇസ്ലാം സ്വീകരിക്കാനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. മക്കയിലെ അവസ്ഥ കാരണം അദ്ദേഹത്തിന് ഹബ്ശയിലേയ്ക്ക് ഹിജറത്ത് ചെയ്യേണ്ടതായി വന്നു. മക്കയിലുള്ളവർ ഈ കാര്യം മനസിലാക്കിയപ്പോൾ, അവർ അവരുടെ രണ്ട് നേതാക്കന്മാരെ സമ്മാനങ്ങളും നല്കി ഹബ്ശയിലേയ്ക്ക് അയച്ചു. അവിടെയുള്ള നേതാക്കന്മാർക്കും മറ്റും ഉപഹരങ്ങളും നല്കി. അതോടൊപ്പം ഈ സന്ദേശവും ഉണ്ടായിരുന്നു. അതായത് ഞങ്ങളുടെ ചില പക്വതയില്ലാത്ത യുവാക്കൾ ഞങ്ങളുടെ ദീൻ ഉപേക്ഷിച്ച് നിങ്ങളുടെ രാജ്യത്ത് എത്തി ചേർന്നിട്ടുണ്ട്. നിങ്ങളുടെ മതവുമല്ല അവർ സ്വീകരിച്ചിരിക്കുന്നത്. മറിച്ച് തികച്ചും പുതിയ മതമാണ് അവർ സ്വീകരിച്ചിരിക്കുന്നത്.

അങ്ങനെ നജാശി മക്കയിലെ അവിശ്വാസികളുടെ വാക്കുകൾ കേട്ട് മുസ് ലികളെ തന്റെ ദർബാറിലേയ്ക്ക് വിളിപ്പിച്ചു. ഞങ്ങളോട് എന്ത് പെരുമാറ്റമാണ് ഉണ്ടാവുക എന്ന് ചിന്തിച്ച് മുസ്ലികൾ വലിയ പരിഭ്രമത്തിലായിരുന്നു. നജാശി അവരോട് ചോദിച്ചു: ഞങ്ങളുടെ മതമോ അതായത് ക്രിസ്തുമതം മുമ്പുള്ളവരുടെ മതമോ സ്വീകരിക്കാതെ നിങ്ങൾ സ്വന്തം മതം ഉപേക്ഷിക്കാൻ കാരണം എന്താണ്? ഹദ്റത് ജഅ്ഫർ (റ) തതവസരത്തിൽ മുസ്ലികളെ പ്രതിനിധീകരിച്ചു. പറഞ്ഞു: അല്ലയോ രാജാവേ! ഞങ്ങൾ അജ്ഞതരായ സമൂഹമായിരുന്നു. വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു. ശവം അന്നമാക്കിയിരുന്നു. ദുർവൃത്തികൾ ചെയ്തിരുന്നു. ബന്ധുക്കളോട് അപമര്യാദയായി പെരുമാറുക എന്നത് ഞങ്ങളുടെ ശൈലി ആയിരുന്നു. ഞങ്ങളിലെ കരുത്തന്മാർ ബലഹീനരെ അടിച്ചമർത്തിയിരുന്നു. ഈ അവസ്ഥയിൽ അല്ലാഹു ഞങ്ങളിൽ അവന്റെ ഒരു റസൂലിനെ നിയോഗിച്ചു. അദ്ദേഹത്തിന്റെ കുലീനതയും സത്യസന്ധതയും വിശ്വസ്തതയും പരിശുദ്ധിയും കുടുംബമഹിമയെയും സംബന്ധിച്ച് ഞങ്ങൾക്ക നല്ല ഗ്രാഹ്യമുണ്ടായിരുന്നു. അദ്ദേഹം ഞങ്ങളെ അല്ലാഹുവിന്റെ തൗഹീദിലേയ്ക്കും ആരാധനയിലേയ്ക്കും ക്ഷണിച്ചു. അല്ലാഹുവിനോട് യാതൊന്നും പങ്ക് ചേർക്കരുതെന്നും വിഗ്രഹങ്ങളെ ആരാധിക്കരുതെന്നും അധ്യാപനം നല്കി. അദ്ദേഹം ഞങ്ങൾക്ക് സത്യസന്ധത, വിശ്വസ്തത, സഹാനുഭൂതി , അയൽവാസികളോട് സൽപെരുമാറ്റം, എന്നി കല്പന നൽകുകയും അനാവശ്യകലഹം, രക്ത ചൊരിച്ചിൽ എന്നിവയിൽ നിന്നും തടയുകയും ചെയ്തു. നിർലജ്ജ പ്രവൃത്തികളിൽ നിന്ന് രക്ഷപെടാൻ നിർദേശിച്ചു. കളവ് പറയുന്നതിനേയും അനാഥരുടെ ധനം ഭക്ഷിക്കുന്നതിനേയും പരിശുദ്ധരുടെമേൽ അപവാദം പറയുന്നതിനേയും നിരോധിച്ചു. ഏകദൈവത്തെ ആരാധിക്കുവാൻ ഞങ്ങൾക്ക് കല്പന നല്കി. ഞങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ നിർദേശങ്ങൾ അനുസരിച്ച് പ്രവൃത്തിക്കുവാനും തുടങ്ങി. ഈ കാരണത്താൽ ഞങ്ങളുടെ സമൂഹം ഞങ്ങൾക്ക് എതിരിലാകുകയും ഞങ്ങൾക്ക് ബുദ്ധിമുട്ടുകൾ നല്കി പ്രയാസത്തിൽ അകപ്പെടുത്തുകയും ചെയ്തു. അതിന്റെ പരിധികൾ ലംഘിച്ചപ്പോൾ ഞങ്ങൾ സ്വന്തം നാട് ഉപേക്ഷിച്ച് അങ്ങയുടെ അഭയത്തിൽ എത്തിയിരിക്കുകയാണ്. കാരണം അങ്ങയുടെ ന്യായവും നീതിയും കേൾവിപ്പെട്ടിട്ടുണ്ട്. അല്ലയോ രാജാവേ! ഞങ്ങൾ പ്രതീക്ഷിക്കുന്നത്, ഈ രാജ്യത്ത് ഞങ്ങളുടെ മേൽ അന്യായം ഉണ്ടാകുകയില്ലെന്നാണ്. നജാശി ഈ കാര്യങ്ങളിൽ വളരെയധികം സ്വാധീനിക്കപ്പെട്ടു. പറഞ്ഞു: പ്രവാചകന്റെ മേൽ അവതരിച്ച വചനങ്ങളിൽ നിന്ന് ചിലത് എന്നെ കേൾപ്പിക്കുക. അതിൽ അദ്ദേഹം സൂറ മറിയത്തിലെ ചില ആയത്തുകൾ പാരായണം ചെയ്തു. മധുര ഈണത്തിൽ പാരായണം ചെയ്ത് കേട്ട നജാശി കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: അല്ലാഹു സത്യം! ഈ വചനങ്ങളും മൂസയ്ക്ക് അവതരിച്ച വചനങ്ങളും ഒരേ ഉറവയിൽ നിന്നുള്ളതാണെന്നാണ് എനിക്ക് മനസിലാകുന്നു. മക്കയിൽ നിന്ന് വന്ന പ്രതിനിധികളോട് പറഞ്ഞു: ഞാൻ നിങ്ങൾ ഈ ആളുകളെ തിരികെ നല്കുകയില്ല. ഇനി അവർ ഇവിടെ താമസിക്കുന്നതാണ്. മക്കയിൽ നിന്ന് വന്ന പ്രതിനിധികൾ പരസ്പര ധാരണയോടെ നജാശിയോട് പറഞ്ഞു: ഈ ആളുകൾ ഈസയെ ക്രിസ്ത്യാനികളുടെ വിശ്വാസം പ്രകാരത്തിലല്ല

അംഗീകരിക്കുന്നത്. അവർ അദ്ദേഹത്തിന്റെ സ്ഥാനം ഇകഴ്ത്തിയിരിക്കുന്നു. രാജാവ് പിന്നീടും മുസ്ലിക ളെ വിളിപ്പിച്ചു. ഹദ്റത് ഈസയെ സംബന്ധിച്ചുള്ള വിശ്വാസത്തെ സംബന്ധിച്ച് ആരാഞ്ഞു. അതിൽ ജഅ് ഫർ പറഞ്ഞു: ഇതിനെ കുറിച്ച് ഞങ്ങളുടെ നബിയിൽ അവതരിച്ചത് ഇപ്രകാരമാണ്, ഈസ അല്ലാഹുവി ന്റെ ദാസനും അവന്റെ ദൂതനുമാണ്, അല്ലാഹു കന്യാമറിയത്തിന് അദ്ദേഹത്തെ നല്കി. നജാശി താഴെ നി ന്ന് ഒരു കച്ചിതുരുമ്പ് എടുത്ത് കാണിച്ച് കൊണ്ട് പറഞ്ഞു. നിങ്ങൾ വിവരിച്ച ഈസാ (അ) ന്റെ സ്ഥാന ത്തേക്കാൾ ഈ വലിപ്പം പോലും അധികമുള്ളതായി ഞാൻ മനസലാക്കുന്നില്ല. മുസ്ലികളോട് പറഞ്ഞു: നിങ്ങൾക്ക് ഇവിടെ പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും. അദ്ദേഹത്തിന്റെ യുക്തിഭദ്രതയും വിവേകവും മു സ്ലികൾക്ക് അവിടെ താമസിക്കാനുള്ള സാഹചര്യം ഒരുക്കി നല്കി.

മറ്റൊരു സഹാബി മുസ്അബ് ബിൻ ആമിർ, അദ്ദേഹത്തിന്റെ മാതാവ് വലിയ ധനികരും വലിയ സമ്പന്ന രുമായിരുന്നു. വലിയ ആഡംബര ജീവിതമായിരുന്നു. മുന്തിയ വസ്ത്രങ്ങളായിരുന്നു അവർ ധരിച്ചിരുന്നത്. അദ്ദേഹം ഒരു സുന്ദരനായ യുവാവായിരുന്നു. ഒരു ദിവസം നബി (സ) തിരുമേനി ഹദ്റത് മുസ്അബിനെ തന്റെ വസ്ത്രത്തിൽ തുകൽ തുന്നിചേർത്ത നിലയിൽ മജ്ലിസിലേയ്ക്ക് വരുന്നതായി കണ്ടു. സഹാബത്ത് അദ്ദേഹത്തിന്റെ അവസ്ഥ കണ്ട് തല താഴ്ത്തി. മജ്ലിസിൽ വന്ന് കൊണ്ട് അദ്ദേഹം സലാം ചൊല്ലിയ പ്പോൾ നബി (സ) തിരുമേനി ആദരവോട് കൂടി സലാമിന് മറുപടി നല്കി. ആ ധനികനായ വ്യക്തിയുടെ ആദ്യാവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും കണ്ട് നബി (സ) തിരുമേനിയുടെ കണ്ണുകൾ നിറഞ്ഞു. അദ്ദേ ഹത്തിനെ ആശ്വസിപ്പിച്ച് കൊണ്ട് പറഞ്ഞു: അൽഹംദുലില്ലാഹ് ഭൗതീകർക്ക് അവരുടെ ലോകം ലഭിച്ചു. ഞാൻ മുസ്അബിനെ അദ്ദേഹത്തെക്കാൾ വലിയ സമ്പന്നനായ ഒരു വ്യക്തിയും മക്കാ പട്ടണത്തിൽ ഇല്ലാത്ത കാലത്തും കണ്ടിരുന്നു. അദ്ദേഹം മാതാപിതാക്കൾക്ക് പ്രിയപ്പെട്ട സന്തതിയായിരുന്നു. അദ്ദേഹ ത്തിന് തിന്നുവാനും കുടിക്കുവാനും എല്ലാ മേൽത്തരം നിഅ്മത്തും ലഭിച്ചിരുന്നു. എന്നാൽ അല്ലാഹുവി ന്റെ റസൂലിനോടുള്ള സ്നേഹം അദ്ദേഹത്തെ ഈ അവസ്ഥയിൽ എത്തിച്ചിരിക്കുന്നു. അദ്ദേഹം ആ എല്ലാം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ഉപേക്ഷിച്ചു. പിന്നീട് അല്ലാഹു അദ്ദേഹത്തിന്റെ മുഖത്തിന് പ്രകാശം ന ല്കി. ഹദ്റത് മുസ്അബ് തബ്ലീഗ് ചെയ്യുന്നതിന് കഴിവുറ്റ വ്യക്തിയായിരുന്നു. വലിയ മമതയോടെ ത ബ്ലീഗ് ചെയ്തിരുന്നു. അദ്ദേഹം തബ്ലീഗ് ചെയ്യുന്നവരോടായി പറയുന്നത്, ഇഷ്ടമുണ്ടെങ്കിൽ എന്റെ വാ ക്കുകൾ കേൾക്കുക ഇഷ്ടമില്ലെങ്കിൽ കേൾകേണ്ടതില്ല. എഴുന്നേറ്റ് പോകുക. ഇത്തരത്തിൽ മദീനയിലെ അ പരിചിതരിൽ വരെ സത്യ സന്ദേശം അദ്ദേഹം എത്തിച്ചു. അദ്ദേഹത്തിന്റെ തബ്ലീഗ് മുഖേന ഒരുപാട് ആ ളുകൾ മുസ്ലികളായി.

ഹദ്റത് അസീദ് ബിൻ ഹളീർ അൻസാരീ, ഹദ്റത് മുസ്അബ് (റ) മുഖേന ഇസ്ലാം സ്വീകരിച്ച വ്യക്തിയാ യിരുന്നു. അദ്ദേഹത്തിന്റെ ആത്മീയ സ്ഥാനത്തെ സംബന്ധിച്ചുള്ള നിവേദനം ഇപ്രകാരമാണ്, അദ്ദേഹം പ റയാറുണ്ടായിരുന്നു, എന്റെ മൂന്ന് അവസ്ഥകളിൽ ഏതെങ്കിലും ഒരവസ്ഥ എന്നിൽ ഉണ്ടെങ്കിൽ ഞാൻ സ്വ യം എന്നെ സ്വർഗവാസിയായി മനസിലാക്കുന്നതാണ്. ഒന്നാമത്തെ അവസ്ഥ ഞാൻ വിശുദ്ധ ഖുർആൻ പാ രായണം ചെയ്യുന്ന അവസരത്തിൽ അല്ലെങ്കിൽ മറ്റാരെങ്കിലും തിലാവത്ത് ചെയ്യുന്നത് ശ്രവിക്കുമ്പോൾ, എ ന്നിൽ ഭയഭക്തിയുടെ അവസ്ഥ സംജ്ജാതമാകുകയും അത് എല്ലായിപ്പോഴും തുടരുന്നുവെങ്കിൽ ഞാൻ സ്വ യം എന്നെ സ്വർഗവാസിയായി ഗണിക്കുന്നതാണ്. രണ്ടാമത്തെ കാര്യം ഇതാണ്, നബി (സ) തിരുമേനി ഖു ത്ബ നല്കുമ്പോൾ അങ്ങേയറ്റം ശ്രദ്ധയോടെ നബി (സ) തിരുമേനിയുടെ വാക്കുകൾ ശ്രവിക്കുകയും ആ അവസ്ഥ തുടർന്നു പോകുകയും ചെയ്യുന്നുവെങ്കിൽ എന്നെ സ്വർഗവാസികളിൽ ഞാൻ ഉൾപ്പെടുത്തുന്ന താണ്. മൂന്നാമത്തെ അവസ്ഥ പറയുന്നു, ആരുടെയെങ്കിലും ജനാസയിൽ പങ്കെടുക്കുമ്പോൾ എന്റെ അവ സ്ഥ യഥാർത്ഥത്തിൽ അത് എന്റെ ജനാസയായി മാറി എന്നോട് ചോദ്യം ഉണ്ടാക്കുന്ന സ്ഥിതി ഉണ്ടാകു കയും. അങ്ങനെ ആ അവസ്ഥ തുടർന്ന് പോകുന്നുവെങ്കിൽ ഞാൻ സ്വയം എന്നെ സ്വർഗവാസികളിൽ ഉൾ പ്പെടുത്തുന്നതാണ്.

എന്തുതന്നെ ആയാലും അത് അദ്ദേഹത്തിന്റെ ഭയഭക്തിയുടെ ഉന്നതി തെളിക്കുന്ന അടയാളമാണ്. ഈ അ വസ്ഥ മനുഷ്യന് അല്ലാഹുവിലുള്ള ഭയത്തെ ഉണർത്തുന്നതാണ്. മനുഷ്യൻ സൽകർമങ്ങൾ ചെയ്യുന്നതിനാ യി പരിശ്രമവും നടത്തും എല്ലായിപ്പോഴും ദൈവീക സ്മരണയും അത് ഉണ്ടാക്കുന്നതാണ്. ഈ ചോദ്യം അതായത് ആ അവസ്ഥ സ്ഥായിയായി നില്കുന്ന പക്ഷം സർഗവാസിൽ ഉൾപ്പെടുത്തുന്നതാണ്, ഈ കാര്യം വ്യക്തമാക്കുന്നത്, അദ്ദേഹം തീർച്ചയായും സ്വർഗവാസികളിൽപെട്ട ആളായിരുന്നുവെന്നും അല്ലാ ഹുവിന്റെ സംപ്രീതി കരസ്ഥമാക്കിരുന്നു എന്നുമാണ്.

ഒരു അൻസാരി സഹാബി അബീ ബിൻ കഅബ്, അദ്ദേഹവും പണ്ഡിതനായിരുന്നു, കൃത്യമായി അഞ്ചേ ര നമസ്കാരം നബി (സ) തിരുമേനിയോടൊപ്പം നിർവഹിച്ചിരുന്നു. നമസ്കാര നിഷ്ഠയെ കുറിച്ച് നബി (സ) തിരുമേനിയുടെ ഒരു നിർദ്ദേശം വിവരിക്കുന്നു. സുബഹി നമസ്കാരത്തിന് ശേഷം അവിടുന്ന് നമസ് കാരത്തിനായി ഹാജരാകാത്ത ചിലയാളുകളെ സംബന്ധിച്ച് ചോദിച്ചു. പിന്നീട് അവിടുന്ന് പറഞ്ഞു, രണ്ട് നമസ്കാരങ്ങൾ സുബഹിയും ഇശായും വിശ്വാസത്തിൽ ബലഹീനരായവർക്കും കപടവിശ്വാസികൾക്കും വളരെ ഭാരമേറിയതാണ്. ഒരു പക്ഷേ ഈ നമസ്കാരങ്ങളുടെ പ്രതിഫലം എത്രയെന്ന് ഒരുപക്ഷേ ഇവർക്ക് ഗ്രഹ്യം ഉണ്ടായിരുന്നുവെങ്കിൽ അവർ തീർച്ചയായും നമസ്കാരത്തിനായി ഹാജരാകുമായിരുന്നു. അതിനാ യി അവർക്ക് മുട്ടുകളിൽ ഇഴഞ്ഞ് വരേണ്ടിവന്നാലും ശരി.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, സഹാബാക്കൾ ഇത്രമാത്രം സത്യസന്ധത പ്രദർശിപ്പിക്കുന്നതിനായി നബി (സ) തിരുമേനിയുടെ കൈവശം എന്നതായി ഉണ്ടായിരുന്നത്.? അവർ കേവലം വിഗ്രഹാരാധനയും സൃഷ്ടിപൂജയും മാത്രമല്ല ഉപേക്ഷിച്ചത്, യഥാർത്ഥത്തിൽ അവരുടെ അന്തരാളങ്ങളിൽ നിന്ന് ഭൗതീകതയോടുള്ള അമിതാവേശം തന്നെ ഇല്ലാതായി. അവർ അല്ലാഹുവിനെ ദർശിക്കാൻ തുടങ്ങി. അങ്ങേയറ്റത്തെ ആവേശത്തോടെ അല്ലാഹുവിന്റെ മാർഗത്തിൽ ഇപ്രകാരം ലയിച്ചവരായി, അങ്ങനെ അവർ എല്ലാവരും ഇബ്റാഹീം ആയിതീർന്നു. അവർ തികഞ്ഞ ആത്മാർത്ഥതയോടെ അല്ലാഹുവിന്റെ മഹത്വം പ്രകടമാക്കുന്നതിനായി ചെയ്ത പ്രവൃത്തികൾ, അതിനുശേഷം അതിന് സമാനമായ ഉദാഹരണങ്ങൾ പിന്നീട് ഒരിക്കലും തന്നെ ഉണ്ടായിട്ടില്ല. ആനന്ദത്തോടെ ദീനിന്റെ മാർഗത്തിൽ ബലിയാകുന്നതിനായി തയ്യാറായി. എന്നുമാത്രമല്ല ചില സഹാബാകൾ പെട്ടെന്ന് ശഹാദത്ത് ലഭിച്ചില്ലായെങ്കിൽ അവർ വിചാരിക്കുന്നത്, ഞങ്ങളുടെ സത്യസന്ധതയിൽ എന്തോ ബലഹീനത വന്നിരിക്കുന്നുവെന്നായിരുന്നു.

ഈ ആയത്തിൽ വിവരിച്ചത് പോലെ فَمِنْهُمْ مَّنْ قَضٰى نَحْبَهٗ وَمِنْهُمْ مَّنْ يَّنْتَظِرُ അതായത് ചിലർ ശഹീദായി. മറ്റുചിലർ ശഹാദത്ത് എപ്പോൾ ലഭിക്കുമെന്ന് കരുതി കാത്തിരിക്കുന്നു. അവിടുന്ന് പറയുന്നു. നോക്കുക അവർക്ക് മറ്റുള്ളവരെ പോലെ ആവശ്യങ്ങളുണ്ടായിരുന്നില്ലോ മക്കളോട് സ്നേഹവും മറ്റുള്ള ബന്ധങ്ങളും ഉണ്ടായിരുന്നില്ലേ. എന്നാൽ ഈ ആകർഷണം അവരെ ഇപ്രകാരം ഉന്മത്തരാക്കിയിരുന്നുവെന്നാൽ ദീനിനെ എല്ലാ വസ്തുകളെക്കാളും മുൻഗണന നല്കിയിരുന്നു.

വീണ്ടും അവിടുന്ന് പറയുന്നു: ഭൗതീക ജീവിതത്തിന്റെ അടിസ്ഥാനത്തിൽ നബി (സ) തിരുമേനിയുടെ പക്കൽ ആ സമയത്ത് എന്തായിരുന്നു ഉണ്ടായിരുന്നത്. അതിന്റെ പ്രതീക്ഷയിൽ അവർ അവരുടെ ജീവനും അഭിമാനവും അപകടത്തിൽ അകപ്പെടുത്തി, അവരുടെ പഴക്കം ചെന്നതും ഉപകാരപ്രദവുമായ ബന്ധം തങ്ങളുടെ സമൂഹത്തിൽ നിന്ന് വിഛേദിച്ചക്കുന്നതിനും കാരണമായിത്തീർന്നത്. ആ സമയത്ത് നബി(സ) തിരുമേനിയുടെ മേൽ കഷ്ടപാടിന്റെയും ഞെരുക്കത്തിന്റെയും പ്രയാസത്തിന്റെയും ക്ലേശത്തിന്റെയും കാലഘട്ടമായിരുന്നു. ഭാവിയെകുറിച്ചുള്ള പ്രതീക്ഷയ്ക്ക് യാതൊരു പഴുതും മാർഗവും അവരുടെ പക്കൽ ഉണ്ടായിരുന്നില്ല.

സങ്കീർണമായ സാഹചര്യത്തിലും ആത്മാർത്ഥയോടെ സ്നേഹവും മമതയും നിറഞ്ഞ ഹൃദയത്തോടെ സഹാബാക്കൾ റസൂൽ തിരുമേനി(സ) യുടെ കോന്തല മുറുകെ പിടിച്ചു. ആ കാലഘട്ടത്തിൽ ഭാവിയിലെ പുരോഗതി അവിടെ നില്ക്കട്ടെ, ആ മഹാത്മാവിന്റെ സ്വന്തം ജീവൻ തന്റെ അപകടത്തിലായിരുന്ന അവസ്ഥയായിരുന്നു കാണാൻ സാധിച്ചിരുന്നത്. ഈ ആത്മാർത്ഥത വെറും വിശ്വാസത്തിന്റെ പെരുമ കൊണ്ട് മാത്രമായിരുന്നു. അതിന്റെ ലഹരിയിൽ അവർ, അങ്ങേയറ്റം ദാഹപരവേശത്താൽ മധുരപാനീയം കുടിക്കാനായി എഴുന്നേൽക്കുന്നവരെ പോലെ തങ്ങളുടെ ജീവൻ ത്യജിക്കാൻ സന്നദ്ധരായി.

ഹുസൂർ തിരുമനസ്സ് പറയുന്നു, അല്ലാഹു നമ്മളെ ഈ പ്രകാശിത നക്ഷത്രങ്ങളുടെ മാതൃകയിൽ ചലിപ്പിച്ച് അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുന്നവരാക്കി മാറ്റട്ടെ. നമ്മുടെ എല്ലാ കർമവും അല്ലാഹുവിന്റെ പ്രീതിയ്ക്ക് വേണ്ടി ആയിരിക്കട്ടെ.

ഹുസൂർ അൻവർ പറയുന്നു, നമസ്കാരത്തിന് ശേഷം ഒരു ജനാസാ ഗായിബ് നമസ്ക്കരിക്കുന്നതാണ്. ബഹുമാന അരീശ ഡീഫൻ തോലർ സാഹിബ ഫഹീം ഡീഫൻ തോലർ സാഹിബയുടെ പത്നിയാണ്. ഹോളണ്ട്കാരാണ്, ഇപ്പോൾ ബെനിനിലാണ്. ഡിസംബർ 11 ന് അപ്രതീക്ഷിതമായി ഹൃദയസ്തംഭനം കാരണത്താൽ 32 മത്തെ വയസ്സിൽ വഫാത്തായി. അവർ 2006 മാർച്ച് 18 ന് ബൈഅത്ത് ചെയ്തു. ഖിലാഫത്തിനോട് ആഗാധമായ സ്നേഹബന്ധമായിരുന്നു ഉണ്ടായിരുന്നത്. 2009 ൽ മർഹൂമ തന്റെ ഭർത്താവ് ബഹുമാന ഫഹീം സാഹിബിനോടൊപ്പം വഖ്ഫ് ചെയ്ത് ഹുമാനിറ്റി ഫസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനാഥാലയത്തിന്റെ നടത്തിപ്പിനായി ബെനിൻ, ദക്ഷിണാഫ്രിക്കയിലേയ്ക്ക് പുറപ്പെട്ടു. മർഹൂമ യുറോപ്യൻ ജീവിത സാഹചര്യത്തിൽ കഴിയുകയായിരുന്നു. നല്ല ജോലിയും ഉണ്ടായിരുന്നു. എന്നിട്ട് കൂടി ആഫ്രിക്കയിലുണ്ടായ അതികഠിനമായ സാഹചര്യത്തിലും വഖ്ഫ് കാത്ത് സൂക്ഷിച്ചു. വലിയ ഉത്തരവാദിത്തതോടെ തന്റെ കടമ നിറവേറ്റി. നമസ്കാരത്തിൽ കൃത്യത കണിച്ചിരുന്നു. അഹ്മദിയ്യാ ദാറുൽ അകറം അനാഥാലയത്തിൽ വളരെ ഹൃദയസാന്നിധ്യത്തോടെയും ആത്മാർത്ഥയോടെയും പ്രവർത്തിച്ചു. പാലുകുടി മാറാത്ത കുട്ടികളെ എടുത്തു നടക്കുമായിരുന്നു. അവരെ വളരെയധികം ശ്രദ്ധിച്ചിരുന്നു. അവരുടെ വഫാത്തോടെ ഞാൻ മനസിലാക്കുന്നത്, ദാറുൽ അകറമിലെ കുട്ടികൾ ഇപ്പോൾ യത്തീം ആയിരിക്കുകയാണ്. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ അവരോട് കാരുണ്യത്തോടും മഅ്ഫിറത്തോടും കൂടി പെരുമാറട്ടെ. ഇത്തരത്തിൽ ആത്മാർത്ഥരും വഖ്ഫിന്റെ ആത്മാവ് മനസിലാക്കുന്നവരെയും കൂടുതലായി അല്ലാഹു ജമാഅത്തിൻ നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis (atba)**
at Baithul Futuh,London – on 22-12-17
Malayalam Translation : Moulvi Hashim Ashraf Shahid, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516